"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്- വേങ്ങര മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ് തിരൂരങ്ങാടി സിവിൽ സ്റ്റേഷനിലേക്ക് താൽക്കാലികമായി മാറ്റി പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ജലവിഭവ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.509/2025/WRD തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:- ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) യുടെ 04.03.2025 തീയതിയിലെ സി.ഇ.ഐ.എ/3004/2023-സി2 നമ്പർ കത്ത്.

**ഉത്തരവ്**

വേങ്ങര ആസ്ഥാനമായി പുതിയതായി രൂപീകരിച്ച വേങ്ങര മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ് വേങ്ങരയിൽ നിന്നും ഏകദേശം 24 കി.മീ. ദൂരമുള്ള മഞ്ചേരിയിലെ IWR സെക്ഷൻ 3/2 മലപ്പുറം കാര്യാലയം പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും ഇത് കർഷകർക്കും പൊതുജനങ്ങൾക്കും ജീവനക്കാർക്കും വളരെയധികം പ്രയാസം ഉണ്ടാകുന്നതിനാൽ മറ്റ് സൗകര്യപ്രദമായ സ്ഥലം ലഭ്യമാകുന്നതുവരെ തിരൂരങ്ങാടി സിവിൽ സ്റ്റേഷനിലേക്ക് ടി ഓഫീസ് താൽക്കാലികമായി മാറ്റി പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകണമെന്ന ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വേങ്ങര മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം ലഭ്യമാകുന്നതുവരെ തിരൂരങ്ങാടി സിവിൽ സ്റ്റേഷനിലേക്ക് ടി ഓഫീസ് താൽക്കാലികമായി മാറ്റി പ്രവർത്തിക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ്കുമാർ കെ കെ
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ) കേരള, തിരുവനന്തപുരം /തൃശ്ശൂർ

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

Signed by
Sunithakumary S
Date: 26-05-2025 16:57:34

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ